പത്രക്കുറിപ്പ്

# ആട്ടോ ഡ്രൈവറെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ പ്രതി പിടിയിൽ

## ലോക്ക് ഡൗൺ വിലക്ക് ലംഘനം: 813 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:- വിഴിഞ്ഞത്ത് ആട്ടോറിക്ഷാ ഡ്രൈവറെ കുത്തിക്കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ ഒന്നാം പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു. വിഴിഞ്ഞം കോട്ടപ്പുറം മേക്കോട് ഹൗസിൽ സിബി (39) യെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്.

18-03-2021 നാണ് കേസിനാസ്പദമായ സംഭവം നടന്നത്. വിഴിഞ്ഞം ഒസാവിള കോളനിയിൽ താമസിക്കുന്ന ജെറോൺ ഓട്ടോ ഓടിച്ചു വരവെ സിബിയും കൂട്ടാളിയായ സുരേഷും ചേർന്ന് വിഴിഞ്ഞം ഫിഷ്-ലാൻഡിംഗ് സമീത്ത് വച്ച് തടഞ്ഞു നിർത്തി ചവിട്ടി വീഴ്ത്തി ക്രൂരമായി മർദ്ദിക്കുകയും സ്ക്രൂഡ്രൈവർ കൊണ്ട് കുത്തി കൊലപ്പെടുത്താൻ ശ്രമിക്കുകയുമായിരുന്നു. ജെറോണിന്റെ സ്കൂട്ടർ പ്രതി സിബി വാങ്ങി പണയം വച്ചിരുന്നത് തിരികെ എടുപ്പിച്ചതിലുള്ള വിരോധമാണ് ആക്രമണത്തിന് കാരണം. ഈ കേസിലെ രണ്ടാം പ്രതി സുരേഷിനെ പിടികൂടാൻ അന്വേഷണം



വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത സിബി (39)

ഊർജ്ജിതമായി തുടരുന്നു. വിഴിഞ്ഞം എസ്.എച്ച്.ഒ രമേഷ്, എസ്.ഐ മാരായ രജേഷ്, ബാലകൃഷ്ണൻ ആചാരി, സി.പി.ഒ മാരായ കൃഷ്ണകുമാർ, അജികുമാർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്

## ലോക്ക് ഡൗൺ വിലക്ക് ലംഘനം: 813 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:- ലോക്ക് ഡൗൺ ദിനമായ ഇന്നലെ (11-05-2021) നാല് മണിവരെ തിരുവനന്തപുരം നഗരത്തിൽ പോലീസ് നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 813 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാകുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 145 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 652 പേരിൽ നിന്നും 3,26,000/- രൂപ പിഴ ഈടാക്കി. കൂടാതെ അനാവശ്യ യാത്ര നടത്തിയ 16 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു. ശരിയായ രീതിയിൽ സുരക്ഷാ മുൻകരുതൽ എടുക്കാത്ത 6929 പേർക്ക് താക്കീത് നൽകി വിട്ടയച്ചിട്ടുള്ളതുമാണ്.

## അറിയിപ്പ്



ഈ ഫോട്ടോയിൽ കാണിച്ചിരിക്കുന്ന തിരുവനന്തപുരം മേലാറന്നൂർ പ്രേംനഗർ വർക്ക് ഷോപ്പിൽ ജോലി ചെയ്തു വന്നിരുന്ന തൃശ്ശൂർ സ്വദേശി 44 വയസ്സുള്ള രാജേഷ് S/o കൃഷ്ണൻകുട്ടി- തിരുവനന്തപുരം ഫോർട്ട് പോലീസ് സ്റ്റേഷൻ

പരിധിയിലുള്ള അട്ടക്കുളങ്ങര സെൻട്രൽ സ്കൂളിൽ കോർപ്പറേഷൻ നേതൃത്വത്തിൽ താമസിപ്പിച്ചു വരവേ 10-05-2021 തീയ്യതി മരണപ്പെട്ട നിലയിൽ കാണപ്പെട്ടിട്ടുള്ളതാണ്. ഇയാളുടെ ബന്ധുക്കളെ, ഇയാളെക്കുറിച്ച് എന്തെങ്കിലും വിവരം അറിയാവുന്നവരോ, ഉണ്ടെങ്കിൽ തിരുവനന്തപുരം ഫോർട്ട് പോലീസ് സ്റ്റേഷനുമായോ, തിരുവനന്തപുരം സിറ്റി കൺട്രോൾ റൂമുമായോ ബന്ധപ്പെടുക.

ഫോർട്ട് പോലീസ് സ്റ്റേഷൻ -04712461105
എസ് എച്ച് ഓ ഫോർട്ട് - 9497987010
എസ് ഐ ഫോർട്ട് - 9497980044
( *** ടിയാന്റെ സ്വദേശം തൃശ്ശൂർ ആയതിനാൽ, തൃശ്ശൂർ എഡിഷനിൽ വാർത്ത ഉൾക്കൊള്ളിക്കണമെന്നും അറിയിക്കുന്നു. )
തിരുവനന്തപുരം സിറ്റി
11-05-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി